## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 43** — **12-01-2021 - ൽ മറുപടിയ്ക്ക്**

## സ്വർണ്ണ കള്ളക്കടത്ത് കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന ദുബായ് കോൺസുലേറ്റിലെ മുൻ ഉദ്യോഗസ്ഥയും സർക്കാരിന്റെ കൺസൾട്ടൻസിയുമായ സ്വപ്നസുരേഷും സർക്കാരിൽ ഐ.ടി. പ്രിൻസിപ്പൽ സെക്രട്ടറിയും, മുഖ്യമന്ത്രിയുടെ ഓഫീസിലെ ഒ.എസ്.ഡി.യുമായിരുന്ന ശിവശങ്കർ ഐ.എ.എസ്. ഉം ഡിപ്ലോമാറ്റിക് ബാഗേജ് സ്വർണ്ണക്കടത്ത് കേസിൽ ഉൾപ്പെട്ടിട്ടുള്ളതായി അറിയാമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കേന്ദ്ര ഏജൻസികൾ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി വരുന്നു. ഔദ്യോഗിക വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. |
| (ബി) | ശിവശങ്കർ ഐ.എ.എസ് എത്രനാളായി മുഖ്യമന്ത്രിയുടെ ഓഫീസിലെ ഒ.എസ്.ഡി. ആയി സേവനമനുഷ്ഠിച്ച് വരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | 26.05.2016ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. എം.ശിവശങ്കർ ഐ.എ.എസിനെ വിവര സാങ്കേതിക വകുപ്പ് സെക്രട്ടറിയായി നിയമിക്കുകയും മുഖ്യമന്ത്രിയുടെ ഓഫീസിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ ചുമതല നൽകുകയും ചെയ്തു. 07.12.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. എം.ശിവശങ്കർ ഐ.എ.എസിനെ മുഖ്യമന്ത്രിയുടെ സെക്രട്ടറിയായും പിന്നീട് 31.12.2019-ലെ സർക്കാർ ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായും നിയമിക്കുകയും ചെയ്തു. |
| (സി) | സ്വർണ്ണക്കള്ളക്കടത്ത് കേസിലെ ഒരു പ്രധാന പ്രതിയായ സ്വപ്നസുരേഷിന് സംസ്ഥാന ഗവൺമെന്റിലെയോ അർദ്ധസർക്കാർ/ പൊതുമേഖലയുമായോ ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്ന കൺസൾട്ടൻസിയിലോ നിമയനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമന ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് കൺസൾട്ടന്റുകളെ നിയോഗിക്കാറുണ്ട്. സ്പേസ് പാർക്ക് പ്രൊജക്ടുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട കൺസൾട്ടന്റാണ് M/s പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ പ്രൈവറ്റ് ലിമിറ്റഡ് (PWC). സ്പേസ് പാർക്ക് പ്രൊജക്ടുമായി ബന്ധപ്പെട്ട് പ്രസ്തുത കൺസൾട്ടന്റ് നിയോഗിച്ച വ്യക്തിയായിരുന്നു സ്വപ്നസുരേഷ്. |

സെക്ഷൻ ഓഫീസർ